KFDDO/7284/2026-DFONMR/O2

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നെന്മാറ, പാലക്കാട് ജില്ല - 678 508,
ഫോൺ : 04923-243179, മൊബൈൽ : 94479790
ഇ-മെയിൽ : dfo-nenmara.for@kerala.gov.in
തിയ്യതി: 03.02.2026

കേരള വനംവകുപ്പ്
നെന്മാറ ഡിവിഷൻ

## ഇ-ദർഘാസ് പരസ്യം

നെന്മാറ ഡിവിഷനിലെ കൊല്ലങ്കോട് റെയിഞ്ചിലെ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്ന പുള്ളിപുലിയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് അംഗീകൃത സ്ഥാപനങ്ങൾ / വിതരണക്കാരിൽ നിന്നും ഇതോടൊപ്പം അനുബന്ധപ്രകാരം ചേർത്തിട്ടുള്ള അളവുകൾ പ്രകാരമുള്ള കൂട് നിർമ്മിച്ച് എത്തിക്കുന്നതിനുള്ള ദർഘാസുകൾ പുന: ഇ-ടെണ്ടറായി (ഓൺലൈൻ) ക്ഷണിക്കുന്നു.

ഇ-ടെണ്ടറുകൾ താഴെപ്പറയുന്ന സമയക്രമം അനുസരിച്ച് സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ ഏതെങ്കിലും കാരണവശാൽ നിരസിക്കേണ്ടിവന്നാൽ അത് നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്.

ഇ ദർഘാസ് ഫോറങ്ങൾ ഓൺലൈനിൽ
ലഭിക്കുന്ന തീയതി : **10.02.2026 (4.00pm)**

ഇ-ടെണ്ടറുകൾ ഓൺലൈനിൽ സമർപ്പിക്കേണ്ട
അവസാന തീയതി : **23.02.2026 (5.00pm)**

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : **24.02.2026 (11 am)**

വിശദവിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ | പദ്ധതിയുടെ പേര് | അളവ് (കി.മീ.) | അടങ്കൽ തുക | ടെണ്ടർ ഫോറം വില | നിരത ദ്രവ്യം |
|---|---|---|---|---|---|---|
| 1 | KFDDO/7284/ 2026- DFONMR/O2 | പുലിക്കൂട് നിർമ്മാണം | Length - 210 cm, Width – 90cm, Height – 100cm the frame of cage should be made of 40mm MS angle and 10mm Square bars layed vertically and horizontally. 8cm distance between the each square bar of the cage and may be covered with 1 square wire mesh. 1.5 inch gap to be provide between cage floor and lower edge of trap door. Good quality | 184000 | 500 + 18% GST | 4600/- |

| | | | | | | |
|---|---|---|---|---|---|---|
| | | | marine plywood is to be used for floor of the cage. 4 Nos. wheel of 10 inch Dia, a compartment for prey of length -60cm, width-90cm, Height 100cm with a partition is also to be included in the cage. (including GST & transportation charges) | | | |

ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനം ജി.എസ്.ടി, ഗതാഗത ചെലവ് എന്നിവ ഉൾപ്പെടെയുള്ള വിലയാണ് രേഖപ്പെടുത്തേണ്ടത്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനം/ വ്യക്തി അടങ്കൽ തുകയുടെ 2.5% തുക നിരതദ്രവ്യമായി ഇ-ടെണ്ടർ സൈറ്റ് മുഖാന്തിരം ഓൺലൈനായി അടവു വരുത്തേണ്ടതാണ്. ടെണ്ടർ ലഭിക്കുന്ന സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റായി 5% തുക ഒപ്പുവെയ്ക്കുന്ന സമയത്ത് ഒടുക്കേണ്ടതാണ്. NSIC/MSME എന്നീ അംഗീകാരമുള്ള സ്ഥാപനത്തിന് ഇളവുണ്ട്. ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ / സ്ഥാപനം ടെണ്ടർ ലഭിച്ചതിനുശേഷം 200/- രൂപ മുദ്രപത്രത്തിൽ അന്തിമ കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ ഓപ്പൺ ചെയ്യുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ ഓപ്പൺ ചെയ്യുന്നതായിരിക്കും.

ഓൺലൈൻ ടെണ്ടറിനോടൊപ്പം വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ്, ആധാർകാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 243179), കൊല്ലങ്കോട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 264104), പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

പ്രവീൺ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).